# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## കേരളപാഠാവലി

**ക്ലാസ് : 7** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **4** എന്ന ചോദ്യം **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യത്തിന് **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

**(1)** **വായിക്കാം എഴുതാം**

പൂമംഗലം ബംഗ്ലാവിന്റെ പടിഞ്ഞാറുവശത്തുള്ള പറമ്പിന്റെ വടക്കു കിഴക്കേ മൂലയ്ക്കടുത്ത് വെട്ടുകുഴിയിൽ തഴച്ചുവളർന്നു നിൽക്കുന്ന പാഴ്ച്ചെടികളുടെ ഇടയിൽ നിന്ന് അന്തിരശ്മികൾ പിൻവാങ്ങി. ഇരുളിന്റെ സാമ്രാജ്യം ഭൂമിയിലെങ്ങും സ്ഥാപിക്കപ്പെട്ടു. ഭയത്തിന്റേതായ ആ സാമ്രാജ്യത്തിൽ അവൻ ഏകാകിയായി. കാലുകൾ ചെളിയിൽ പുതയുന്നു. മാക്രികളുടെയും ചീവീടുകളുടെയും ഘോരങ്ങളായ മുദ്രാവാക്യനിർഘോഷങ്ങൾ അവനെ ഭയപ്പെടുത്തിയില്ല. നേരം പാതിരാത്രി ആയിക്കാണും. മഴ ചാറുന്നു; ഉറക്കമില്ലാതെ കാറ്റ് മരങ്ങളുടെ തുഞ്ചകളെ പിടിച്ചു കുലുക്കിക്കുലുക്കി വിനോദിക്കുകയാണ്. ചൊല്ലുവിളിയില്ലാത്ത തെമ്മാടിക്കാറ്റ്. മഴത്തുള്ളികൾ ആ കാറ്റത്തു തെന്നിത്തെന്നിയാണ് വീഴുന്നത്. എങ്ങും ഒരു വെളിച്ചവും കാണുന്നില്ല. നാട്ടുംപുറത്തെ എല്ലാ വിളക്കുകളും അണഞ്ഞു. എല്ലാവരും നല്ല ഉറക്കമാണ്.

(ഒരു കുടയും കുഞ്ഞുപെങ്ങളും -മുട്ടത്തുവർക്കി)

© State Assessment Cell - SCERT Kerala

a) അന്തിരശ്മികൾ പിൻവാങ്ങിയപ്പോൾ സംഭവിച്ചതെന്ത്?

**A.** പൂമംഗലം തറവാടു നശിച്ചു.

**B.** വടക്കുകിഴക്കേമൂലയിൽ പാഴ്ച്ചെടി വളർന്നു.

**C.** ഇരുളിന്റെ സാമ്രാജ്യം സ്ഥാപിക്കപ്പെട്ടു.

**D.** ഭയം തീരെയില്ലാതായി.

b) താഴെക്കൊടുത്തവയിൽ ഏത് പ്രസ്താവനയാണ് ശരിയായത് ?

**A.** ഭയത്തിന്റേതായ ആ സാമ്രാജ്യത്തിൽ അവൻ ഏകാകിയായി.

**B.** ഭയത്തിന്റേതായ ആ സാമ്രാജ്യത്തിൽ ചീവീടുകൾ ഏകാകിയായി.

**C.** ഭയത്തിന്റേതായ ആ സാമ്രാജ്യത്തിൽ മാക്രികൾ ഏകാകിയായി.

**D.** ഭയത്തിന്റേതായ ആ സാമ്രാജ്യത്തിൽ ആരും ഏകാകിയായിരുന്നില്ല.

c) അന്തിരശ്മികൾ പിൻവാങ്ങി എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത് ?

**A.** പകൽ മാഞ്ഞു പോയി: ഇരുട്ട് പരന്നു.

**B.** രാത്രി മാഞ്ഞു- വെളിച്ചം പരന്നു.

**C.** മഴക്കാറുവന്നു

**D.** ശക്തമായ കാറ്റ് അടിച്ചു.

d) തെമ്മാടിക്കാറ്റിന്റെ വിശേഷണമെന്താണ്?

**A.** മനോഹാരിതയുള്ള

**B.** അനുസരണയുള്ള

**C.** ചൊല്ലുവിളിയില്ലാത്ത

**D.** സൗന്ദര്യമില്ലാത്ത

© State Assessment Cell - SCERT Kerala

**(2)**

**a) വിശകലനക്കുറിപ്പ്**

മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ മർത്യൻ അവിടെയും നാളെ
ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
കിഴക്കൻ മേട്ടിലാക്കുറിഞ്ഞി പൂക്കുമോ ?

(കുറിഞ്ഞിപ്പൂക്കൾ-സുഗതകുമാരി)

'എല്ലാം നശിപ്പിക്കുന്നവർക്കു വേണ്ടിയല്ല, പ്രകൃതിയെ പൂജിക്കുന്നവർക്കുവേണ്ടിയാണു ഈ മനോഹാരിത.'

(ഭൂമിക്കുവേണ്ടിയൊരു ലാവണ്യ ദൃശ്യോത്സവം)

യൂണിറ്റിലെ ആശയങ്ങളും സുഗതകുമാരി ടീച്ചറിന്റെ കവിതയിലെ ആശയങ്ങളും വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

b) ശരിയായ പ്രസ്താവന ഏത് ?

i. നീലക്കടൽ പോലെ നിറഞ്ഞുലാവിനിൽക്കുന്ന മൂന്നാറിലെ മനോഹരദൃശ്യം കാണാൻ നിങ്ങളൊരിക്കൽ പോകണം.

ii. പുഷ്പോത്സവം കഴിഞ്ഞാലും പൂക്കളൊന്നും മറഞ്ഞ് പോകുന്നില്ല.

A. i മാത്രം ശരി

B. രണ്ടു മാത്രം ശരി

C. ഒന്നും രണ്ടും ശരി

D. ഒന്നും രണ്ടും തെറ്റ്

c) അച്ഛൻ കുട്ടി പറഞ്ഞു- ഈ വാക്യം ശരിയായ രീതിയിൽ എഴുതിയാൽ.

**A.** അച്ഛൻ കുട്ടിയിൽ പറഞ്ഞു.

© State Assessment Cell - SCERT Kerala

**B.** അച്ഛനോട് കുട്ടി പറഞ്ഞു.

**C.** അച്ഛനോട് കുട്ടിയോട് പറഞ്ഞു.

**D.** അച്ഛനാൽ കുട്ടി പറഞ്ഞു.

**(3) കഥാപാത്രനിരൂപണം**

**കിളിയുടെ കൂട്ടുകാരൻ**

അപ്പുവിന് കിളികളോട് വല്ലാത്ത ഇഷ്ടമായിരുന്നു. രാവിലെ ഉണരുമ്പോൾ കിളികളുടെ പാട്ടും കളകളാരവവും കേട്ടാണ് അവൻ കണ്ണുതുറന്നിരുന്നത്. അവൻ കിളികളെ ശല്യപ്പെടുത്താതെ ഒരു മരത്തിന്റെ പിന്നിൽ ഒളിഞ്ഞിരുന്ന് അവയുടെ ഓരോ ചലനവും നിരീക്ഷിക്കും. അവയുടെ നിറങ്ങൾ, ശബ്ദങ്ങൾ, ചിറകടിച്ചു പറന്നുവരുന്ന രീതി, എല്ലാം അപ്പുവിന് ഇഷ്ടമായിരുന്നു. ഒരു ദിവസം അപ്പു കാട്ടിലൂടെ നടക്കുമ്പോൾ ഒരു കുരുവി താഴെ വീണു കിടക്കുന്നത് കണ്ടു. അതിന് പറക്കാൻ കഴിഞ്ഞിരുന്നില്ല. അവന് വിഷമമായി. അവൻ പതുക്കെ അതിനെ കയ്യിലെടുത്തു. അതിന്റെ കുഞ്ഞിക്കാൽ ഒടിഞ്ഞിട്ടുണ്ടായിരുന്നു. അവൻ കുരുവിയെ വീട്ടിലേക്കു കൊണ്ടുപോയി. അമ്മയുടെ സഹായത്തോടെ മരുന്നുവച്ചുകെട്ടി. ഒരു ചെറിയ പെട്ടിയിൽ കൂടൊരുക്കി. ദിവസവും വെള്ളവും അരിമണികളും കൊടുത്തു. ആദ്യമൊക്കെ പേടിച്ചു മിണ്ടാതിരുന്ന കുരുവി പതിയെ അവനോട് ഇണങ്ങി. അപ്പുവിന്റെ വിരലിൽ നിന്ന് ഭക്ഷണം കൊത്തിപ്പെറുക്കി ഭക്ഷിച്ചു. ഒരു നാൾ അത് കാട്ടിലേക്കു തന്നെ പറന്നു പോയി. ഇടയ്ക്കെല്ലാം അപ്പുവിന്റെ തൊടിയിലെ സന്ദർശകനായി മാറി.

'മനസ്സിലെ കിളി' എന്ന കഥയിലെ പിക് ലുവിനെപ്പോലെ ഈ കഥയിലെ അപ്പുവിനെയും നിങ്ങൾക്ക് ഇഷ്ടമായില്ലേ.

അപ്പുവിന്റെ സഹജീവിസ്നേഹവും നൻമയും മനസ്സിലാക്കിയല്ലോ. അപ്പു എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

© State Assessment Cell - SCERT Kerala

## (4) കഥാരചന അല്ലെങ്കിൽ കവിതാരചന

### 4.A കഥാരചന

കായൽത്തീരത്തായിരുന്നു അവന്റെ വീട്. പക്ഷേ മലഞ്ചെരിവുകളായിരുന്നു അവന്റെ സ്വപ്നങ്ങളിൽ! പിന്നെ ഒരിക്കൽ ഉരുൾപ്പൊട്ടലിനെയും മറ്റൊരിക്കൽ വെള്ളപ്പൊക്കത്തിനെയും അവൻ സ്വപ്നത്തിൽ കണ്ടു ഭയന്നു. എങ്കിലും അവൻ പ്രകൃതിയെ സ്നേഹിച്ചു. കഥാപാത്രത്തിന് ഒരു പേരു നൽകി കഥാസന്ദർഭങ്ങൾ ക്രമമായി കോർത്തിണക്കി കഥയെഴുതാൻ ശ്രമിക്കുമല്ലോ.

**അല്ലെങ്കിൽ**

### 4.B കവിതാരചന

**പ്രകൃതി**

ഇരുളിൽ തിളങ്ങുന്ന ചന്ദ്രന്
ഉറങ്ങുവാനെന്തൊരു മോഹം!
പകലിൽ തിളങ്ങുന്ന സൂര്യന്
ഇരുളിലുറങ്ങവുനാൻ മോഹം!

- ഗോവർദ്ധൻ വി.എസ്.

ഇതുപോലെ പ്രകൃതിദൃശ്യങ്ങൾ പ്രമേയമാക്കി ഒരു കവിത എഴുതാമോ. കുറഞ്ഞത് എട്ട് വരികൾ ഉണ്ടാകണം.

## (5) ആസ്വാദനക്കുറിപ്പ്

a) നീണ്ട പുഴക്കുമപ്പുറം ഇരുളടഞ്ഞ കാടിനുമപ്പുറം ഒരു പൂന്തോട്ടം. ചെടികൾ ഉറങ്ങുന്ന പൂന്തോട്ടം. ഒരു നാൾ ഒരു മാലാഖ പൂന്തോട്ടത്തിനുമുന്നിൽ വന്നു. വെള്ളാരം കല്ലുപോലെ തിളങ്ങുന്ന കണ്ണുകളുള്ള മാലാഖ. അവൾ ആ പൂന്തോട്ടത്തിന്റെ ഹൃദയമായി. കാലം കടന്നു പോയി. വസന്തകാലം എത്തി. എവിടെ നിന്നോ ഒരു സുഗന്ധം പരക്കുന്നു. മാലാഖ ആഹ്ലാദത്തിൽ പൂങ്കാവനത്തിലേക്ക് നീങ്ങി. ചെടികളിലൊന്നും പൂവില്ല. പൂക്കളുണരാതെ

© State Assessment Cell - SCERT Kerala

തന്നെ വസന്തം നിറഞ്ഞ പൂന്തോട്ടം...! അവൾ സ്വന്തം ഹൃദയത്തെ തൊട്ടു. ആ സുഗന്ധം സ്നേഹത്തിന്റെയായിരുന്നു. മാലാഖയുടെ ഹൃദയത്തിലെ സ്നേഹ സുഗന്ധം.

(പൂക്കളുണരാത്ത വസന്തകാലം - അത്തുഫയാസീൻ എൻ.എ.)

b) **കാഴ്ചകൾ**

തിരക്കുള്ള റോഡിനരികിൽ
പുതിയ വീട്
വാതിലുകൾ പുത്തൻ
പൂക്കളം പോലെ
ചുമരുകളിൽ
പലവർണ്ണങ്ങൾ...
അതിനപ്പുറം മണ്ണിൽ
നെൽച്ചെടികളുടെ തേങ്ങൽ
തിരിച്ചുവരാത്ത
മീനുകളെയോർത്ത്
പൊന്മാന്റെ നിരാശ.
വിരിയാതെ കൂമ്പിപ്പോയ
താമരയുടെ ഗദ്ഗദം.
അതിനുമപ്പുറത്ത് ഇങ്ങനെ
ഒരുപാട്
തേങ്ങലുകളുണ്ടെന്ന്
ഓർക്കണം.

**-ഗായത്രി മൽഹാർ-**

കഥയും കവിതയും വായിച്ചില്ലേ. കഥയെക്കുറിച്ചോ കവിതയെക്കുറിച്ചോ ഇഷ്ടപ്പെട്ട കാര്യങ്ങളും ചേർത്ത് ആസ്വാദനം തയ്യാറാക്കാം.

**(6) വർണ്ണന**

നിങ്ങൾ കണ്ടതും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നതുമായ ഏതെങ്കിലും പ്രകൃതി ദൃശ്യങ്ങളെ വർണ്ണിച്ച് ഒരു കുറിപ്പെഴുതുക.

© State Assessment Cell - SCERT Kerala